**നന്ദിപ്രകാശന സമന്വയന സമ്മേളനത്തിനുള്ള രൂപരേഖ**
**നവംബർ 23-26, 2023**
**പൊതുവിഷയം:**
**ക്രിസ്തുവിന്റെ ആസ്വാദനവും പക്വതയിങ്കലേക്കുള്ള നമ്മുടെ ജീവനിലുള്ള വളർച്ചയും**

**ദൂത് ഒന്ന്**
**സഭയിലെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള നിസ്തുല പരിഹാരമെന്ന നിലയിൽ സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ആസ്വാദനം**

RA *Hymns*: ML175, E431

തിരുവെഴുത്ത് വായന: 1 കൊരി. 1:2, 9; 2:9-10; 13:1-8; യിരെ. 2:13; വിലാ. 3:22-24

1 Cor. 1:2 കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്:

1 Cor. 1:9 തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ.

1 Cor. 2:9 "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന കാര്യങ്ങൾ കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യന്റെ ഹൃദയത്തിൽ ഉയർന്നുവന്നിട്ടുമില്ല" എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ.

1 Cor. 2:10 എന്നാൽ ദൈവം അവ നമുക്ക് ആത്മാവ് മുഖാന്തരം വെളിപ്പെടുത്തിയിരിക്കുന്നു, ആത്മാവ് സകല കാര്യങ്ങളെയും, ദൈവത്തിന്റെ ആഴങ്ങളെപ്പോലും തിരയുന്നു.

1 Cor. 13:1 ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹം ഇല്ല എങ്കിൽ, ഞാൻ ശബ്ദം ഉണ്ടാക്കുന്ന പിച്ചളയോ, മുഴങ്ങുന്ന ഇലത്താളമോ ആയിത്തീർന്നിരിക്കുന്നു.

1 Cor. 13:2 എനിക്ക് പ്രവചന വരം ഉണ്ടായിരിക്കുകയും സകല മർമങ്ങളും സകല പരിജ്ഞാനവും അറിയുകയും, മലകളെ നീക്കുവാൻ തക്ക സകല വിശ്വാസവും ഉണ്ടായിരിക്കുകയും ചെയ്യുമെങ്കിലും, സ്നേഹം ഇല്ല എങ്കിൽ, ഞാൻ ഒന്നും അല്ല.

1 Cor. 13:3 അന്നദാനം ചെയ്യുവാൻ എന്റെ സകല വസ്തുവകകളും ദാനം ചെയ്താലും, ഞാൻ പ്രശംസിക്കേണ്ടതിന് എന്റെ ശരീരത്തെ ഏൽപ്പിച്ചാലും, സ്നേഹം ഇല്ല എങ്കിൽ എനിക്ക് ഒരു പ്രയോജനവും ഇല്ല.

1 Cor. 13:4 സ്നേഹം ദീർഘമായി കഷ്ടമേൽക്കുന്നു. സ്നേഹം ദയ കാണിക്കുന്നു; അത് അസൂയപ്പെടുന്നില്ല. സ്നേഹം വമ്പു പറയുന്നില്ല, നിഗളിക്കുന്നില്ല;

1 Cor. 13:5 അത് അനുചിതമായി പെരുമാറുന്നില്ല, അതിന്റെ സ്വന്തകാര്യങ്ങൾ അന്വേഷിക്കുന്നില്ല; അത് പ്രകോപിപ്പിക്കപ്പെടുന്നില്ല, തിന്മ കണക്കിടുന്നില്ല;

1 Cor. 13:6 അത് അനീതി നിമിത്തം സന്തോഷിക്കുന്നില്ല, എന്നാൽ സത്യത്തോടൊപ്പം സന്തോഷിക്കുന്നു;

1 Cor. 13:7 അത് എല്ലാം മറയ്ക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.

1 Cor. 13:8 സ്നേഹം ഒരിക്കലും വീണുപോകുന്നില്ല. എന്നാൽ പ്രവചനങ്ങളോ, അവ പ്രയോജനമില്ലാത്തവയാകും; ഭാഷകളോ, അവ നിലച്ചുപോകും; അറിവോ, അത് പ്രയോജനമില്ലാത്തതാകും.

Jer. 2:13 എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു: അവർ ജീവജലത്തിന്റെ ഉറവായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ തന്നേ, കുഴിച്ചിരിക്കുന്നു.

Lam. 3:22 നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ;

Lam. 3:23 അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്ഥത വലിയതും ആകുന്നു.

Lam. 3:24 യഹോവ എന്റെ ഓഹരി എന്നു എന്റെ ഉള്ളം പറയുന്നു; അതുകൊണ്ടു ഞാൻ അവനിൽ പ്രത്യാശവെക്കുന്നു.

**I. സഭയിലെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള നിസ്തുല പരിഹാരമെന്ന നിലയിൽ സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ആസ്വാദനത്തിന്റെ ഒരു പുസ്തകമാണ് 1 കൊരിന്ത്യർ; തന്റെ പ്രത്യുദ്ധാരത്തിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം, ദൈവത്തിന്റെ വ്യവസ്ഥയുടെ നിസ്തുല കേന്ദ്രമായും നമ്മുടെ ആസ്വാദനത്തിനു വേണ്ടിയുള്ള നമ്മുടെ ഓഹരിയായി നമുക്ക് സകലവുമായും ക്രിസ്തുവിനെ പ്രത്യുദ്ധരിക്കുക എന്നതാണ്—1:2, 9, 24, 30:**

1 Cor. 1:2 കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്:

1 Cor. 1:9 തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ.

1 Cor. 1:24 എന്നാൽ വിളിക്കപ്പെട്ട, യെഹൂദന്മാർക്കും യവനന്മാർക്കും, ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

1 Cor. 1:30 എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

A. നാം എല്ലാവരും ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക്, ആസ്വാദനത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു (വാ. 9); *കൂട്ടായ്മ* എന്ന പദത്തിൽ ആസ്വാദനത്തിന്റെ ചിന്ത അടങ്ങിയിരിക്കുന്നു; നമ്മുടെ ആസ്വാദനത്തിനുവേണ്ടി ദൈവത്താൽ നമുക്കു നൽകപ്പെട്ട നമ്മുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരിയാണ് ക്രിസ്തു (വാ. 2; കൊലൊ. 1:12).

1 Cor. 1:9 തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ.

1 Cor. 1:2 കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്:

Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

B. 1 കൊരിന്ത്യരിലുള്ള അപ്പൊസ്തലനായ പൗലൊസിന്റെ ഉദ്ദേശ്യം കൊരിന്തിലെ വിശുദ്ധന്മാർക്കിടയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുക എന്നതായിരുന്നു; എല്ലാ പ്രശ്നങ്ങൾക്കും, പ്രത്യേകിച്ചും ഭിന്നതയുടെ വിഷയത്തിന്, ഒരേയൊരു പരിഹാരം സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ആസ്വാദനമാണ്.

C. ക്രിസ്തുവിനെക്കൂടാതെയുള്ള ഏതെങ്കിലും വ്യക്തികളിലോ, വസ്തുക്കളിലോ, വിഷയങ്ങളിലോ നാം ശ്രദ്ധകേന്ദ്രീകരിക്കരുത്; വിശ്വാസികൾക്കിടയിലുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിക്കത്തക്കവണ്ണം ദൈവത്താൽ നിയമിക്കപ്പെട്ട നമ്മുടെ നിസ്തുല കേന്ദ്രമായ ക്രിസ്തുവിൽ നാം ശ്രദ്ധകേന്ദ്രീകരിക്കണം—1:9; കൊലൊ. 1:17, 18.

| | |
|---|---|
| 1 Cor. 1:9 | തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ. |
| Col. 1:17 | അവൻ സകലത്തിനും മുമ്പേയുള്ളവൻ, സകലവും അവനിൽ സംസക്തമായിരിക്കുന്നു; |
| Col. 1:18 | അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു; |

D. നമ്മുടെ ലക്ഷ്യം ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടി ക്രിസ്തുവിന്റെ പൂർണ ആസ്വാദനവും ക്രിസ്തുവിനെ പൂർണമായി നേടുന്നതും ആണ്; ഇത് സഹസ്രാബ്ദ രാജ്യത്തിൽ നമ്മുടെ സമ്മാനമായ ക്രിസ്തുവിന്റെ പരമമായ ആസ്വാദനം നമുക്കുണ്ടായിരിക്കുന്നതിൽ പരിണമിക്കുന്നു—ഫിലി. 3:14; മത്താ. 25:21, 23.

| | |
|---|---|
| Phil. 3:14 | ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു. |
| Matt. 25:21 | അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു. |
| Matt. 25:23 | അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു. |

E. നാം “ഒരു കാര്യം” ചിന്തിക്കുന്നവരായിരിക്കണം; ഫിലിപ്പിയരിലെ ഒരു കാര്യം ക്രിസ്തുവിനെക്കുറിച്ചുള്ള വ്യക്തിനിഷ്ഠമായ പരിജ്ഞാനത്തെയും, അനുഭവത്തെയും, ആസ്വാദനത്തെയും പരാമർശിക്കുന്നു; ഒരു കാര്യം എന്നത് ക്രിസ്തുവിനെ നേടുവാനും അവനെ സ്വന്തമാക്കുവാനും അവനെ പിൻപറ്റുന്നതാണ്—2:2, 5; 1:20-21; 3:7-14; 4:13.

| | |
|---|---|
| Phil. 2:2 | നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്, |
| Phil. 2:5 | ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ, |
| Phil. 1:20 | എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, |

എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

Phil. 1:21 എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു.

Phil. 3:7 എങ്കിലും എനിക്ക് ലാഭമായിരുന്ന കാര്യങ്ങളെ ക്രിസ്തു നിമിത്തം ഞാൻ നഷ്ടമെന്ന് എണ്ണിയിരിക്കുന്നു.

Phil. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

Phil. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

Phil. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

Phil. 3:11 മരിച്ചവരിൽ നിന്നുള്ള വിശേഷ പുനരുത്ഥാനം ഞാൻ എങ്ങനെയെങ്കിലും പ്രാപിക്കേണ്ടതിന്, അവൻ നിമിത്തം ഞാൻ സകലത്തിന്റെയും നഷ്ടം സഹിച്ച് അവ ചവറെന്ന് എണ്ണുന്നു.

Phil. 3:12 നേടിക്കഴിഞ്ഞു എന്നോ, തികഞ്ഞവനായിക്കഴിഞ്ഞു എന്നോ അല്ല, എന്നാൽ ക്രിസ്തു യേശുവിനാൽ ഞാൻ എന്തിന് പിടിക്കപ്പെട്ടുവോ, അത് ഞാനും പിടിക്കാമോ എന്നുവച്ച് പിൻപറ്റുന്നതേയുള്ളു.

Phil. 3:13 സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,

Phil. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

Phil. 4:13 എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

F. ഒരു കാര്യമല്ലാതെ മറ്റെന്തെങ്കിലും ചിന്തിക്കുന്നത് ദൈവത്തിന്റെ വ്യവസ്ഥയ്ക്കെതിരായി മത്സരിക്കുന്നതാണ്; ദൈവത്തിന്റെ വ്യവസ്ഥ എന്നത് നാം ഒരു കാര്യം ചിന്തിക്കുന്നതാണ്; സഭാജീവിതത്തിൽ ഒരു കാര്യം ചിന്തിക്കുവാൻ എല്ലാ വിശുദ്ധരെയും നാം സഹായിക്കണം; നമ്മുടെ ചിന്തകൾ ശരീരജീവിതമായ സഭാജീവിതത്തിനുവേണ്ടി ക്രിസ്തുവിന്റെ ആസ്വാദനത്തിൽ കേന്ദ്രീകരിക്കപ്പെട്ടതും അതിനെക്കൊണ്ട് നിറഞ്ഞതും ആയിരിക്കണം.

G. നമ്മുടെ ആസ്വാദനത്തിനു വേണ്ടിയുള്ള നമ്മുടെ ഓഹരിയായി സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ, കുറഞ്ഞത് ഇരുപത് കാര്യങ്ങളുടെ സമ്പത്തോടുകൂടെ, നമുക്ക് നൽകിയിരിക്കുന്നുവെന്ന് 1 കൊരിന്ത്യർ വെളിപ്പെടുത്തുന്നു; ക്രിസ്തീയജീവിതത്തിന്റെയും സഭാജീവിതത്തിന്റെയും രഹസ്യം നാം ക്രിസ്തുവിനെ ആസ്വദിക്കുന്നതാണ്—1:9:

1 Cor. 1:9 തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ.

1. ക്രിസ്തുവിനെ ദൈവത്താൽ നമുക്കു നൽകപ്പെട്ട ഓഹരിയായി നാം

ആസ്വദിക്കണം—വാ. 2.

1 Cor. 1:2 കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്:

2. ദൈവത്തിന്റെ ശക്തിയായും, നമുക്ക് നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും എന്ന നിലയിൽ ദൈവത്തിന്റെ ജ്ഞാനമായും നാം ക്രിസ്തുവിനെ ആസ്വദിക്കണം—വാ. 24, 30.

1 Cor. 1:24 എന്നാൽ വിളിക്കപ്പെട്ട, യെഹൂദന്മാർക്കും യവനന്മാർക്കും, ക്രിസ്തു ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവും ആകുന്നു.

1 Cor. 1:30 എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

3. നമ്മുടെ തേജസ്കരണത്തിനുവേണ്ടിയുള്ള തേജസ്സിന്റെ കർത്താവും, തേജസ്സിന്റെ രാജാവും എന്ന നിലയിൽ നാം ക്രിസ്തുവിനെ ആസ്വദിക്കണം—2:7-8; റോമ. 8:30; സങ്കീ. 24:6-10.

1 Cor. 2:7 നമ്മുടെ തേജസ്സിനായി ദൈവം യുഗങ്ങൾക്കു മുമ്പേ മുൻനിർണയിച്ചതും, മറയ്ക്കപ്പെട്ടിരുന്നതുമായ, ദൈവത്തിന്റെ ജ്ഞാനമത്രേ മർമമായി ഞങ്ങൾ സംസാരിക്കുന്നത്.

1 Cor. 2:8 അത് ഈ യുഗത്തിലെ അധിപന്മാർ ആരും തന്നെ അറിഞ്ഞിട്ടില്ല; അവർ അറിഞ്ഞിരുന്നുവെങ്കിൽ, തേജസ്സിന്റെ കർത്താവിനെ ക്രൂശിക്കുകയില്ലായിരുന്നു;

Rom. 8:30 അവൻ മുൻനിയമിച്ചവരെ, അവൻ വിളിക്കുകയും; അവൻ വിളിച്ചവരെ, അവൻ നീതീകരിക്കുകയും; അവൻ നീതീകരിച്ചവരെ, അവൻ തേജസ്കരിക്കുകയും ചെയ്തു.

Psa. 24:6 ഇതാകുന്നു അവനെ അന്വേഷിക്കുന്നവരുടെ തലമുറ; യാക്കോബിന്റെ ദൈവമേ, തിരുമുഖം അന്വേഷിക്കുന്നവർ ഇവർ തന്നേ. സേലാ.

Psa. 24:7 വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ; പണ്ടേയുള്ള കതകുകളേ, ഉയർന്നിരിപ്പിൻ; മഹത്വത്തിന്റെ രാജാവു പ്രവേശിക്കട്ടെ.

Psa. 24:8 മഹത്വത്തിന്റെ രാജാവു ആർ? ബലവാനും വീരനുമായ യഹോവ, യുദ്ധവീരനായ യഹോവ തന്നേ.

Psa. 24:9 വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ; പണ്ടേയുള്ള കതകുകളേ, ഉയർന്നിരിപ്പിൻ; മഹത്വത്തിന്റെ രാജാവു പ്രവേശിക്കട്ടെ.

Psa. 24:10 മഹത്വത്തിന്റെ രാജാവു ആർ? സൈന്യങ്ങളുടെ യഹോവ തന്നേ; അവനാകുന്നു മഹത്വത്തിന്റെ രാജാവു. സേലാ.

4. ദൈവത്തിന്റെ ആഴങ്ങളായി (ആഴമുള്ള കാര്യങ്ങളായി) നാം ക്രിസ്തുവിനെ ആസ്വദിക്കണം —1 കൊരി. 2:10.

1 Cor. 2:10 എന്നാൽ ദൈവം അവ നമുക്ക് ആത്മാവ് മുഖാന്തരം വെളിപ്പെടുത്തിയിരിക്കുന്നു, ആത്മാവ് സകല കാര്യങ്ങളെയും, ദൈവത്തിന്റെ ആഴങ്ങളെപ്പോലും തിരയുന്നു.

5. ദൈവത്തിന്റെ കെട്ടിടത്തിന്റെ നിസ്തുല അടിസ്ഥാനമായി നാം ക്രിസ്തുവിനെ

ആസ്വദിക്കണം —3:11.

1 Cor. 3:11 യേശു ക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ, മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല.

6. നമ്മുടെ പെസഹയായും (5:7), പുളിപ്പില്ലാത്ത അപ്പമായും (വാ. 8), ആത്മിക ആഹാരവും, ആത്മിക പാനീയവും, ആത്മിക പാറയുമായും (10:3-4) നാം ക്രിസ്തുവിനെ ആസ്വദിക്കണം (10:3-4).

1 Cor. 5:7 നിങ്ങൾ പുളിപ്പില്ലാത്തവർ ആകുന്നതുപോലെ, പുതിയ പിണ്ഡം ആകേണ്ടതിന്, പഴയ പുളിപ്പിനെ നിർമാർജനം ചെയ്യുവിൻ; നമ്മുടെ പെസഹയായ ക്രിസ്തു, യാഗം അർപ്പിക്കപ്പെട്ടിരിക്കുന്നുവല്ലോ.

1 Cor. 5:8 അതിനാൽ നമുക്ക് വിരുന്ന് കൊണ്ടാടാം, പഴയ പുളിപ്പുകൊണ്ടല്ല, വിദ്വേഷത്തിന്റെയും തിന്മയുടെയും പുളിപ്പുകൊണ്ടുമല്ല, ആത്മാർഥതയുടെയും സത്യത്തിന്റെയും പുളിപ്പില്ലാത്ത അപ്പം കൊണ്ടത്രേ.

1 Cor. 10:3 എല്ലാവരും ഒരേ ആത്മിക ആഹാരം ഭക്ഷിച്ചു,

1 Cor. 10:4 എല്ലാവരും ഒരേ ആത്മിക പാനീയം കുടിച്ചു; അവർ തങ്ങളെ പിന്തുടർന്ന ആത്മിക പാറയിൽ നിന്ന് കുടിച്ചു, ആ പാറ ക്രിസ്തു ആയിരുന്നു.

7. തലയായും (11:3; കൊലൊ. 2:19; എഫെ. 1:19-23), ശരീരമായും (1 കൊരി. 12:12, 24-25; എഫെ. 4:15-16) നാം ക്രിസ്തുവിനെ ആസ്വദിക്കണം.

1 Cor. 11:3 എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു എന്നും, സ്ത്രീയുടെ തല പുരുഷൻ എന്നും, ക്രിസ്തുവിന്റെ തല ദൈവം എന്നും നിങ്ങൾ അറിയണം എന്ന് ഞാൻ ഇച്ഛിക്കുന്നു.

Col. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

Eph. 1:19 അവന്റെ ബലത്തിൻ പ്രഭാവത്തിന്റെ വ്യാപാരത്തിനൊത്തവണ്ണം, വിശ്വസിക്കുന്നവരായ നമ്മോടുള്ള അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം എന്തെന്നും നിങ്ങൾ അറിയേണ്ടതിനും തന്നെ,

Eph. 1:20 അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്,

Eph. 1:21 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ യുഗത്തിൽ മാത്രമല്ല വരുവാനുള്ളതിലും നാമകരണം ചെയ്തിട്ടുള്ള സകല നാമത്തിനും അത്യന്തംമീതെ അവനെ ഇരുത്തുകയും;

Eph. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

Eph. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

1 Cor. 12:12 എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും.

1 Cor. 12:24 എന്നാൽ നമ്മുടെ അഴകുള്ള അവയവങ്ങൾക്ക് അത് ആവശ്യമില്ല. കുറവുള്ള അവയവത്തിന് അധികം മാനം നൽകിക്കൊണ്ട് ദൈവം ശരീരത്തെ ചേർത്തു സമന്വയിപ്പിച്ചിരിക്കുന്നു,

1 Cor. 12:25a അത് ശരീരത്തിൽ ഒരു ഭിന്നതയും ഇല്ലാതെ,....

Eph. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

Eph. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

8. ആദ്യഫലമായും (1 കൊരി. 15:20, 23), രണ്ടാം മനുഷ്യനായും (വാ. 47), നമുക്ക് സകലവും ആയിത്തീരുവാൻ ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നവനായ ഒടുക്കത്തെ ആദാമായും (വാ. 45) നാം ക്രിസ്തുവിനെ ആസ്വദിക്കണം.

1 Cor. 15:20 എന്നാൽ ഇപ്പോൾ നിദ്രകൊണ്ടവരിൽ ആദ്യഫലമായി ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചിരിക്കുന്നു.

1 Cor. 15:23 എന്നാൽ ഓരോരുത്തനും താന്താന്റെ ക്രമത്തിൽ: ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിൽ;

1 Cor. 15:47 ഒന്നാം മനുഷ്യൻ ഭൂമിയിൽനിന്ന്, മണ്ണുകൊണ്ടുള്ളവൻ; രണ്ടാം മനുഷ്യൻ സ്വർഗത്തിൽ നിന്നുള്ളവൻ.

1 Cor. 15:45 അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

**II. തന്റെ പുത്രന്റെ കൂട്ടായ്മയിലേക്ക്, ആസ്വാദനത്തിലേക്ക് നമ്മെ വിളിച്ചതിൽ ദൈവം വിശ്വസ്തനാണ്, എന്നാൽ നിരവധി സമയങ്ങളിലും അവന്റെ ഉദ്ദേശ്യത്തിലേക്കുള്ള അവന്റെ വിളിയോട് നാം അവിശ്വസ്തരാണ് —1:9; യിരെ. 2:13; വിലാ. 3:22-24:**

1 Cor. 1:9 തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ.

Jer. 2:13 എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു: അവർ ജീവജലത്തിന്റെ ഉറവായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ തന്നേ, കുഴിച്ചിരിക്കുന്നു.

Lam. 3:22 നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ;

Lam. 3:23 അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്ഥത വലിയതും ആകുന്നു.

Lam. 3:24 യഹോവ എന്റെ ഓഹരി എന്നു എന്റെ ഉള്ളം പറയുന്നു; അതുകൊണ്ടു ഞാൻ

അവനിൽ പ്രത്യാശവെക്കുന്നു.

A. ദൈവത്തിന്റെ വ്യവസ്ഥയിലുള്ള അവന്റെ ഉദ്ദേശ്യം നമ്മുടെ സംതൃപ്തിക്കും ആസ്വാദനത്തിനുംവേണ്ടി നമ്മിലേക്ക് അവനെത്തന്നെ പകരുവാനുള്ള ജീവജലത്തിന്റെ ഉറവും, സ്രോതസ്സും ആയിരിക്കുക എന്നതാണ്; ഈ ആസ്വാദനത്തിന്റെ ലക്ഷ്യം, തന്റെ ആവിഷ്കാരത്തിനുവേണ്ടി ദൈവത്തിന്റെ നിറവായിരിക്കുവാൻ ദൈവത്തിന്റെ വർധനവും ദൈവത്തിന്റെ വികാസവും എന്ന നിലയിൽ ദൈവത്തിന്റെ നേരിണയായ സഭയെ ഉളവാക്കുക എന്നതാണ്—യോഹ. 3:29-30; എഫെ. 3:16-19, 21.

John. 3:29 മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു; എന്നാൽ നിന്നു മണവാളനെ കേൾക്കുന്നവനായ അവന്റെ സ്നേഹിതൻ, മണവാളന്റെ ശബ്ദം നിമിത്തം സന്തോഷത്താൽ ആനന്ദിക്കുന്നു. അതുകൊണ്ട് എന്റെ ഈ സന്തോഷം പൂർണമായിരിക്കുന്നു.

John. 3:30 അവൻ വർധിക്കണം, ഞാനോ കുറയേണം.

Eph. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

Eph. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

Eph. 3:18 സകല വിശുദ്ധന്മാരോടുംകൂടെ വീതിയും നീളവും ഉയരവും ആഴവും എന്തെന്ന് ഗ്രസിക്കുവാൻ പൂർണ ബലമുണ്ടാകേണ്ടതിനും,

Eph. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

Eph. 3:21 സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

B. ജീവജലത്തിന്റെ ഉറവായി ദൈവത്തെ എടുക്കാനുള്ള ഏക മാർഗം അവനിൽനിന്നു കുടിക്കുകയും ദിനംതോറും അവനെ പുറത്തേക്കൊഴുക്കുകയും ചെയ്യുക എന്നതാണ്; ഇതിന് (പാടുകയും, സ്തോത്രം ചെയ്യുകയും, സന്തോഷിക്കുകയും, പ്രാർഥിക്കുകയും, സ്തുതിക്കുകയും, ദൈവത്തിന്റെ രക്ഷിക്കുന്ന പ്രവൃത്തിയെ മറ്റുള്ളവർക്ക് അറിയിക്കുകയും ചെയ്തുകൊണ്ട്) നാം നിരന്തരമായി കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കണം—സങ്കി. 36:8-9; യെശ. 12:3-6; 1 കൊരി. 12:13; യോഹ. 7:37-39; 4:10, 14; റോമ. 10:12-13; 1 തെസ്സ. 5:16-18.

Psa. 36:8 നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു; നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു.

Psa. 36:9 നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു.

Isa. 12:3 അതുകൊണ്ടു നിങ്ങൾ സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽനിന്നു വെള്ളം കോരും.

Isa. 12:4 അന്നാളിൽ നിങ്ങൾ പറയുന്നതു: യഹോവെക്കു സ്തോത്രം ചെയ്‌വിൻ; അവന്റെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; ജാതികളുടെ ഇടയിൽ അവന്റെ

പ്രവൃത്തികളെ അറിയിപ്പിൻ; അവന്റെ നാമം ഉന്നതമായിരിക്കുന്നു എന്നു പ്രസ്താവിപ്പിൻ.

Isa. 12:5 യഹോവെക്കു കീർത്തനം ചെയ്വിൻ; അവൻ ശ്രേഷ്ഠമായതു ചെയ്തിരിക്കുന്നു; ഇതു ഭൂമിയിൽ എല്ലാടവും പ്രസിദ്ധമായ്വരട്ടെ.

Isa. 12:6 സീയോൻ നിവാസികളേ, യിസ്രായേലിന്റെ പരിശുദ്ധൻ നിങ്ങളുടെ മദ്ധ്യേ വലിയവനായിരിക്കയാൽ ഘോഷിച്ചുല്ലസിപ്പിൻ.

1 Cor. 12:13 യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു.

John. 7:37 വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.

John. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

John. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

John. 4:10 യേശു അവളോട്, നീ ദൈവത്തിന്റെ ഉപഹാരത്തെയും, എനിക്കു കുടിക്കുവാൻ നൽകുക എന്നു നിന്നോട് പറയുന്നവൻ ആരാകുന്നു എന്നും അറിഞ്ഞിരുന്നെങ്കിൽ, നീ അവനോട് ചോദിക്കുകയും, അവൻ നിനക്ക് ജീവജലം നൽകുകയും ചെയ്യുമായിരുന്നു എന്ന് ഉത്തരം പറഞ്ഞു.

John. 4:14 എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു.

Rom. 10:12 യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു;

Rom. 10:13 “കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും.”

1 Thes. 5:16 എപ്പോഴും സന്തോഷിക്കുവിൻ,

1 Thes. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

1 Thes. 5:18 എല്ലാറ്റിലും സ്തോത്രം ചെയ്യുവിൻ; എന്തെന്നാൽ ഇതാകുന്നു നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിലുള്ള ദൈവഹിതം.

C. അവനിൽനിന്നു കുടിച്ചുകൊണ്ട് ദൈവത്തെ ആസ്വദിക്കുന്നതിനുപകരം ദൈവത്തിന്റെ ജനം രണ്ടു ദോഷങ്ങൾ ചെയ്തുകൊണ്ട് അവനോട് അവിശ്വസ്തരായിരുന്നു—”എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു: അവർ ജീവജലത്തിന്റെ ഉറവായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ തന്നെ കുഴിച്ചിരിക്കുന്നു”—യിരെ. 2:13:

1. ഒന്നാമത്, ദൈവത്തിന്റെ ജനം അവരുടെ ആസ്വാദനത്തിനു വേണ്ടിയുള്ള

അവരുടെ ഉറവായ, അവരുടെ ഉറവിടമായ ദൈവത്തെ ഉപേക്ഷിച്ചു; രണ്ടാമത്, അവരെ തൃപ്തിപ്പെടുത്തുവാനോ അവരെ ദൈവത്തിന്റെ ആവിഷ്കാരത്തിനുവേണ്ടിയുള്ള അവന്റെ നിറവായ അവന്റെ വികാസം ആക്കുവാനോ കഴിയാത്ത ദൈവമല്ലാത്ത ഉറവിടങ്ങളിലേക്ക് അവർ തിരിഞ്ഞു.

2. പൊട്ടക്കിണറുകൾ കുഴിക്കുന്നത് ദൈവത്തെ പകരംവയ്ക്കുവാൻ ചിലത് (വിഗ്രഹങ്ങൾ) ഉണ്ടാക്കാനുള്ള തങ്ങളുടെ അധ്വാനത്തിലുള്ള യിസ്രായേലിന്റെ കഷ്ടപ്പാടിനെ ചിത്രീകരിക്കുന്നു; കിണറുകൾ പൊട്ടിയതും വെള്ളത്തെ പിടിച്ചുവയ്ക്കുവാൻ കഴിയാത്തതും സൂചിപ്പിക്കുന്നത് നമ്മുടെ ആസ്വാദനത്തിനുവേണ്ടി ജീവജലമായി നമ്മിലേക്ക് പകരപ്പെടുന്ന ദൈവത്തെകൂടാതെ യാതൊന്നിനും നമ്മുടെ ദാഹം ശമിപ്പിക്കുവാനും നമ്മെ ദൈവത്തിന്റെ ആവിഷ്കാരത്തിനുവേണ്ടിയുള്ള അവന്റെ വർധനവ് ആക്കുവാനും കഴിയുകയില്ല എന്നാണ്—യോഹ. 4:13-14.

John. 4:13 യേശു അവളോട്, ഈ വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും,

John. 4:14 എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു.

D. കർത്താവിനെ ഭക്ഷിക്കുവാനും, പാനംചെയ്യുവാനും, ആസ്വദിക്കുവാനും കർത്താവിന്റെ അടുക്കൽ അവർ വരുന്നില്ല എന്നതാണ് ദുഷ്ടന്മാരുടെ ദുഷിച്ച അവസ്ഥ; അവർ അനേകം കാര്യങ്ങൾ ചെയ്യുന്നു, എന്നാൽ കർത്താവിനെ ബന്ധപ്പെടുവാനും അവനെ എടുക്കുവാനും, അവനെ സ്വീകരിക്കുവാനും, അവനെ രുചിക്കുവാനും, അവനെ ആസ്വദിക്കുവാനും അവർ വരുന്നില്ല; ദൈവത്തിന്റെ ദൃഷ്ടിയിൽ ഇതിനെക്കാൾ തിന്മയായി മറ്റൊന്നുമില്ല—യെശ. 57:20; പ്ര.നി. 55:1-2, 6-7.

Isa. 57:20 ദുഷ്ടന്മാരോ കലങ്ങിമറിയുന്ന കടൽപോലെയാകുന്നു; അതിന്നു അടങ്ങിയിരിപ്പാൻ കഴികയില്ല; അതിലെ വെള്ളം ചേറും ചെളിയും മേലോട്ടു തള്ളുന്നു.

Isa. 55:1 അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ വെള്ളത്തിന്നു വരുവിൻ: വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ.

Isa. 55:2 അപ്പമല്ലാത്തതിന്നു ദ്രവ്യവും തൃപ്തിവരുത്താത്തതിന്നു നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിന്നു? എന്റെ വാക്കു ശ്രദ്ധിച്ചു കേട്ടു നന്മ അനുഭവിപ്പിൻ പുഷ്ടഭോജനം കഴിച്ചു മോദിച്ചുകൊൾവിൻ.

Isa. 55:6 യഹോവയെ കണ്ടെത്താകുന്ന സമയത്തു അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ.

Isa. 55:7 ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു യഹോവയിങ്കലേക്കു തിരിയട്ടെ; അവൻ അവനോടു കരുണകാണിക്കും; നമ്മുടെ ദൈവത്തിങ്കലേക്കു തിരിയട്ടെ; അവൻ ധാരാളം ക്ഷമിക്കും.

E. നാം അവിശ്വസ്തരാണെങ്കിലും, ദൈവം വിശ്വസ്തനാണ്, എന്നാൽ അവന്റെ വിശ്വസ്തത നമ്മുടെ സ്വാഭാവിക അറിവിനോ ധാരണയ്ക്കോ അനുസരിച്ചല്ല:

1. നമ്മുടെ വിഗ്രഹങ്ങളെ നീക്കിക്കളയുവാൻ ദൈവം വിശ്വസ്തനാണ്; നാം കർത്താവിനെക്കാൾ കൂടുതൽ സ്നേഹിക്കുന്നതായി നമ്മിലുള്ളതോ നമ്മുടെ ജീവിതത്തിൽ കർത്താവിനെ പകരംവയ്ക്കുന്നതോ ആയ എന്തും ഒരു വിഗ്രഹമാണ്—യെഹ. 14:3; 1 യോഹ. 5:21.

   Ezek. 14:3 മനുഷ്യപുത്രാ, ഈ പുരുഷന്മാർ തങ്ങളുടെ വിഗ്രഹങ്ങളെ ഹൃദയത്തിൽ സ്മരിച്ചു തങ്ങളുടെ അകൃത്യഹേതു തങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു; അവർ ചോദിച്ചാൽ ഞാൻ ഉത്തരമരുളുമോ?

   1 John. 5:21 കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളിൽനിന്ന് നിങ്ങളെത്തന്നെ സൂക്ഷിച്ചു കൊള്ളുവിൻ.

2. നമ്മുടെ പരിതസ്ഥിതിയിലുള്ള ബാഹ്യമായ സമാധാനം, നമ്മുടെ വ്യക്തിപരമായ ആശ്വാസവും സ്വസ്ഥതയും, നമ്മുടെ വസ്തുവകകൾ എന്നിവയ്ക്ക് നമ്മെ വഴിതെറ്റിക്കുവാൻ ഉതകുന്ന വിഗ്രഹങ്ങളായിത്തീരുവാൻ കഴിയും; എന്നാൽ ജീവജലത്തിന്റെ ഉറവയെന്ന നിലയിൽ അവിനിൽനിന്ന് നാം കുടിക്കുവാൻ തക്കവണ്ണം ഈ കാര്യങ്ങളെ എടുത്തുകളയുവാൻ ദൈവം വിശ്വസ്തനാണ്.

3. തന്റെ വ്യവസ്ഥ നിറവേറ്റുവാൻ നമ്മിൽ ദൈവം വർധിക്കേണ്ടതിന് ക്രിസ്തുവിനെ ആസ്വദിക്കുവാനും ക്രിസ്തുവിനെ ആഗിരണം ചെയ്യുവാനും ക്രിസ്തുവിനെ കുടിക്കുവാനും ക്രിസ്തുവിനെ ഭക്ഷിക്കുവാനും, ക്രിസ്തുവിനെ സ്വാംശീകരിക്കുവാനും വേണ്ടി നമ്മെ അവന്റെ വ്യവസ്ഥയിലേക്ക് നയിക്കേണ്ടതിന് നാം നമ്മിൽത്തന്നെ ആശ്രയിക്കാതെ അവനിൽ ആശ്രയിക്കുവാൻ പഠിക്കേണ്ടതിന് നമുക്ക് കഷ്ടങ്ങൾ ഉണ്ടായിരിക്കുവാൻ അനുവദിക്കുന്നതിൽ ദൈവം വിശ്വസ്തനാണ്—യിരെ. 17:7-8; 2 കൊരി. 1:8-9; യോഹ. 16:33; 1 കൊരി. 10:3-4; 12:13.

   Jer. 17:7 യഹോവയിൽ ആശ്രയിക്കയും യഹോവ തന്നേ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ.

   Jer. 17:8 അവൻ വെള്ളത്തിന്നരികെ നട്ടിരിക്കുന്നതും ആറ്റരികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷംപോലെയാകും; ഉഷ്ണം തട്ടുമ്പോൾ അതു പേടിക്കയില്ല; അതിന്റെ ഇല പച്ചയായിരിക്കും; വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായിച്ചുകൊണ്ടിരിക്കും.

   2 Cor. 1:8 സഹോദരന്മാരേ, ആസ്യയിൽ ഞങ്ങൾക്കുണ്ടായ ക്ലേശത്തെക്കുറിച്ച് നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല, ഞങ്ങൾ ജീവനോടിരിക്കുമോ എന്നുപോലും നിരാശപ്പെടുമാറ്, ഞങ്ങളുടെ ശക്തിക്ക് അതീതമായി, ഞങ്ങൾ അത്യധികം ഭാരപ്പെട്ടു.

   2 Cor. 1:9 ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു;

   John. 16:33 നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടായിരിക്കേണ്ടതിന് ഈ കാര്യങ്ങൾ ഞാൻ നിങ്ങളോട് സംസാരിച്ചിരിക്കുന്നു. ലോകത്തിൽ നിങ്ങൾക്ക്

ക്ലേശം ഉണ്ട്, എന്നാൽ ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.

1 Cor. 10:3 എല്ലാവരും ഒരേ ആത്മിക ആഹാരം ഭക്ഷിച്ചു,

1 Cor. 10:4 എല്ലാവരും ഒരേ ആത്മിക പാനീയം കുടിച്ചു; അവർ തങ്ങളെ പിന്തുടർന്ന ആത്മിക പാറയിൽ നിന്ന് കുടിച്ചു, ആ പാറ ക്രിസ്തു ആയിരുന്നു.

1 Cor. 12:13 യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു.

4. ക്രിസ്തുവിനെ നാം ആസ്വദിക്കുന്നതൊഴിക മറ്റൊന്നിലും ദൈവത്തിനു താൽപര്യമില്ല; നമ്മുടെ പരാജയം നിമിത്തം നാം പ്രത്യശയ്ക്ക് വകയില്ലാത്തവരാണെന്ന് നാം ചിന്തിച്ചേക്കാം, എന്നാൽ ദൈവത്തിന്റെ പക്കൽ നിരാശ ഇല്ല; നമ്മുടെ പരാജയം, നമ്മെ പക്വതയിലേക്ക് കൊണ്ടുവരാൻ അവനെ പ്രാപ്തനാക്കിക്കൊണ്ട്, നമ്മുടെ സകലവുമാകുവാൻ ക്രിസ്തുവിന് കടന്നുവരാനുള്ള വഴി തുറക്കുന്നതേയുള്ളൂ—റോമ. 8:28-29; എബ്രാ. 6:1; ഉല്പ. 37:1-ഉം അടിക്കുറിപ്പും; 47:7-ഉം അടിക്കുറിപ്പും.

Rom. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

Rom. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

Heb. 6:1-2 അതുകൊണ്ട് ക്രിസ്തുവിന്റെ, ആരംഭവചനം വിട്ടുകളഞ്ഞിട്ട്,...നമുക്കു പക്വതയിലേക്ക് നടത്തപ്പെടാം.

Gen 37:1 യാക്കോബ് തന്റെ പിതാവ് പരദേശിയായി പാർത്ത ദേശമായ കനാൻദേശത്തു വസിച്ചു..

note 1 At this point Jacob was a transformed person, but he was not yet mature. To be transformed is to be metabolically changed in our natural life (Rom. 12:2; 2 Cor. 3:18); to be mature is to be filled with the divine life that changes us. We may be changed in our natural life (transformed) yet not be filled with the divine life (mature). The last stage of transformation is maturity. Jacob's transformation began at the time God touched him (32:25), and it continued until the end of ch. 36, when the process of transformation was relatively complete (see note 3**1** in ch. 37). Genesis 37:1—43:14 is a record of the process of Jacob's maturity.

Genesis shows a complete picture of how human beings can be remade and transformed to express God in His image and represent God with His dominion. This book ends as it begins—with God's image and dominion. The last fourteen chapters indicate that after Jacob had become Israel, he bore the image of God and, through Joseph, exercised the dominion of God. For God's expression and dominion there is the need of maturity. Only a mature life can bear God's image and exercise His dominion.

Gen. 47:7 യോസേഫ് തന്റെ അപ്പനായ യാക്കോബിനെയും അകത്തു കൊണ്ടുചെന്നു, അവനെ ഫറവോന്റെ സന്നിധിയിൽ നിർത്തി,

note 1 The strongest manifestation of Jacob's maturity in life is the fact that Jacob

blessed everyone, including Pharaoh (vv. 7, 10), Jacob's two grandsons (ch. 48), and his own twelve sons (49:1-28). Jacob's supplanting hands became blessing hands (48:14-16). Maturity in life is a matter of being filled with God as life, and blessing is the overflow of life, the overflow of God through the maturity in life. To bless others is to bring them into the presence of God and to bring God into them as grace, love, and fellowship that they may enjoy the Triune God—the Father, the Son, and the Spirit (14:18-19; Num. 6:23-27; 2 Cor. 13:14). That Jacob blessed Pharaoh indicates that he was greater than Pharaoh (Heb. 7:7).

**III. കർത്താവിനെ ആസ്വദിക്കാനുള്ള മാർഗം അവനെ സ്നേഹിക്കുന്നതും (2:9-10 16:22), അന്യോന്യം സ്നേഹിക്കുന്നതും (13:1-8) ആണെന്ന് 1 കൊരിന്ത്യർ വെളിപ്പെടുത്തുന്നു; കർത്താവിന്റെ പ്രത്യുദ്ധാരം ആദ്യസ്നേഹത്താൽ കർത്താവായ യേശുവിനെ സ്നേഹിക്കുന്നതിന്റെയും (വെളി. 2:4; 1 യോഹ. 4:19), ക്രിസ്തുവിന്റെ ജൈവിക ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടി അന്യോന്യം സ്നേഹിക്കുന്നതിന്റെയും പ്രത്യുദ്ധാരമാണ് (എഫെ. 4:16):**

1 Cor. 2:9 "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന കാര്യങ്ങൾ കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യന്റെ ഹൃദയത്തിൽ ഉയർന്നുവന്നിട്ടുമില്ല" എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ.

1 Cor. 2:10 എന്നാൽ ദൈവം അവ നമുക്ക് ആത്മാവ് മുഖാന്തരം വെളിപ്പെടുത്തിയിരിക്കുന്നു, ആത്മാവ് സകല കാര്യങ്ങളെയും, ദൈവത്തിന്റെ ആഴങ്ങളെപ്പോലും തിരയുന്നു.

1 Cor. 16:22 ഒരുവൻ കർത്താവിനെ സ്നേഹിക്കുന്നില്ലെങ്കിൽ അവൻ ശപിക്കപ്പെട്ടവൻ! കർത്താവ് വരുന്നു!

1 Cor. 13:1 ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹം ഇല്ല എങ്കിൽ, ഞാൻ ശബ്ദം ഉണ്ടാക്കുന്ന പിച്ചളയോ, മുഴങ്ങുന്ന ഇലത്താളമോ ആയിത്തീർന്നിരിക്കുന്നു.

1 Cor. 13:2 എനിക്ക് പ്രവചന വരം ഉണ്ടായിരിക്കുകയും സകല മർമങ്ങളും സകല പരിജ്ഞാനവും അറിയുകയും, മലകളെ നീക്കുവാൻ തക്ക സകല വിശ്വാസവും ഉണ്ടായിരിക്കുകയും ചെയ്യുമെങ്കിലും, സ്നേഹം ഇല്ല എങ്കിൽ, ഞാൻ ഒന്നും അല്ല.

1 Cor. 13:3 അന്നദാനം ചെയ്യുവാൻ എന്റെ സകല വസ്തുവകകളും ദാനം ചെയ്താലും, ഞാൻ പ്രശംസിക്കേണ്ടതിന് എന്റെ ശരീരത്തെ ഏൽപ്പിച്ചാലും, സ്നേഹം ഇല്ല എങ്കിൽ എനിക്ക് ഒരു പ്രയോജനവും ഇല്ല.

1 Cor. 13:4 സ്നേഹം ദീർഘമായി കഷ്ടമേൽക്കുന്നു. സ്നേഹം ദയ കാണിക്കുന്നു; അത് അസൂയപ്പെടുന്നില്ല. സ്നേഹം വമ്പു പറയുന്നില്ല, നിഗളിക്കുന്നില്ല;

1 Cor. 13:5 അത് അനുചിതമായി പെരുമാറുന്നില്ല, അതിന്റെ സ്വന്തകാര്യങ്ങൾ അന്വേഷിക്കുന്നില്ല; അത് പ്രകോപിപ്പിക്കപ്പെടുന്നില്ല, തിന്മ കണക്കിടുന്നില്ല;

1 Cor. 13:6 അത് അനീതി നിമിത്തം സന്തോഷിക്കുന്നില്ല, എന്നാൽ സത്യത്തോടൊപ്പം സന്തോഷിക്കുന്നു;

1 Cor. 13:7 അത് എല്ലാം മറയ്ക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.

1 Cor. 13:8a സ്നേഹം ഒരിക്കലും വീണുപോകുന്നില്ല..

Rev. 2:4 എന്നാൽ നിന്റെ, ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്.

1 John. 4:19 അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു.

Eph. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

A. കർത്താവിനെ നാം സ്നേഹിക്കുക എന്നത് അവന്റെ ഹൃദയത്തിലേക്ക് പ്രവേശിക്കുവാനും അതിലെ എല്ലാ രഹസ്യങ്ങളും മനസ്സിലാക്കുവാനും, നമുക്കുവേണ്ടി ദൈവം നിയോഗിച്ചതും ഒരുക്കിയിട്ടുള്ളതുമായ ആഴവും മറഞ്ഞിരിക്കുന്നതുമായ കാര്യങ്ങളിലുള്ള നമ്മുടെ സാക്ഷാൽക്കാരത്തിനും പങ്കെടുക്കലിനും നമ്മെ പ്രാപ്തരാക്കുന്നതിന് ഒഴിച്ചുകൂടാനാകാത്ത ആവശ്യകതയാണ്—1 കൊരി. 2:9-10; മത്താ. 22:37-38; സങ്കീ. 73:25; 116:1-2:

1 Cor. 2:9 "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന കാര്യങ്ങൾ കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യന്റെ ഹൃദയത്തിൽ ഉയർന്നുവന്നിട്ടുമില്ല" എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ.

1 Cor. 2:10 എന്നാൽ ദൈവം അവ നമുക്ക് ആത്മാവ് മുഖാന്തരം വെളിപ്പെടുത്തിയിരിക്കുന്നു, ആത്മാവ് സകല കാര്യങ്ങളെയും, ദൈവത്തിന്റെ ആഴങ്ങളെപ്പോലും തിരയുന്നു.

Matt. 22:37 അവൻ അവനോടു പറഞ്ഞു, "നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണഹൃദയത്തോടും നിന്റെ പൂർണദേഹിയോടും നിന്റെ പൂർണമനസ്സോടും കൂടെ നീ സ്നേഹിക്കേണം".

Matt. 22:38 ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കൽപന.

Psa. 73:25 സ്വർഗ്ഗത്തിൽ എനിക്കു ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല.

Psa. 116:1 യഹോവ എന്റെ പ്രാർത്ഥനയും യാചനകളും കേട്ടതുകൊണ്ടു ഞാൻ അവനെ സ്നേഹിക്കുന്നു.

Psa. 116:2 അവൻ തന്റെ ചെവി എങ്കലേക്കു ചായിച്ചതുകൊണ്ടു ഞാൻ ജീവകാലമൊക്കെയും അവനെ വിളിച്ചപേക്ഷിക്കും..

1. സഭാജീവിതത്തിന്റെ ഉള്ളടക്കം ക്രിസ്തുവിന്റെ ആസ്വാദനത്തെ ആശ്രയിച്ചിരിക്കുന്നു; നാം അവനെ എത്രയധികം ആസ്വദിക്കുന്നുവോ, ഉള്ളടക്കം അത്രയധികം സമ്പന്നമായിരിക്കും; എന്നാൽ ക്രിസ്തുവിനെ ആസ്വദിക്കുന്നതിന് നാം അവനെ ആദ്യസ്നേഹത്താൽ സ്നേഹിക്കേണ്ടതാവശ്യമാണ്—വെളി. 2:4-5, 7.

Rev. 2:4 എന്നാൽ നിന്റെ, ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്.

Rev. 2:5 അതുകൊണ്ട് നീ എവിടെനിന്ന് വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക; അല്ലെങ്കിൽ, ഞാൻ നിന്റെ അടുക്കൽ വരുന്നു, നീ മാനസാന്തരപ്പെടാഞ്ഞാൽ, നിന്റെ നിലവിളക്ക് അതിന്റെ സ്ഥാനത്ത് നിന്നു ഞാൻ നീക്കിക്കളയും.

Rev. 2:7 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ

കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും.

2. സഭയുടെ അധഃപതനം കർത്താവിനോടുള്ള നമ്മുടെ ആദ്യസ്നേഹം വിട്ടുകളയുന്നതോടുകൂടി ആരംഭിക്കുന്നു; ആദ്യസ്നേഹത്താൽ, മേൽത്തരമായ സ്നേഹത്താൽ കർത്താവിനെ സ്നേഹിക്കുക എന്നത്, നമ്മുടെ ജീവിതത്തിൽ സകലവുമായി അവനെ കണക്കാക്കുവാനും എടുക്കുവാനും അവന്റെ സ്നേഹത്താൽ നിർബന്ധിക്കപ്പെടുന്നതിലൂടെ, കർത്താവിന് സകല കാര്യങ്ങളിലും സർവോൽകൃഷ്ടത, ഒന്നാം സ്ഥാനം നൽകുന്നതാണ്—വാ. 4-5; കൊലൊ. 1:18; 2 കൊരി. 5:14-15; മർക്കൊ. 12:30; സങ്കീ. 73:25-26.

Rev. 2:4 എന്നാൽ നിന്റെ, ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്.

Rev. 2:5 അതുകൊണ്ട് നീ എവിടെനിന്ന് വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക; അല്ലെങ്കിൽ, ഞാൻ നിന്റെ അടുക്കൽ വരുന്നു, നീ മാനസാന്തരപ്പെടാഞ്ഞാൽ, നിന്റെ നിലവിളക്ക് അതിന്റെ സ്ഥാനത്ത് നിന്നു ഞാൻ നീക്കിക്കളയും.

Col. 1:18b ...അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

2 Cor. 5:14 ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും,

2 Cor. 5:15 ജീവിക്കുന്നവർ ഇനി തങ്ങൾക്കുതന്നെയല്ല, തങ്ങൾക്കുവേണ്ടി മരിച്ചിട്ട് ഉയിർപ്പിക്കപ്പെട്ടവന് ജീവിക്കേണ്ടതിനത്രേ അവൻ എല്ലാവർക്കും വേണ്ടി മരിച്ചതെന്നും ഞങ്ങൾ തീർപ്പുവരുത്തിയിരിക്കുന്നു.

Mark. 12:30 നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ ഹൃദയത്തിൽനിന്നും, നിന്റെ പൂർണ ദേഹിയിൽനിന്നും, നിന്റെ പൂർണ മനസ്സിൽനിന്നും, നിന്റെ പൂർണ ശക്തിയിൽനിന്നും, നീ സ്നേഹിക്കേണം."

Psa. 73:25 സ്വർഗ്ഗത്തിൽ എനിക്കു ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല.

Psa. 73:26 എന്റെ മാംസവും ഹൃദയവും ക്ഷയിച്ചുപോകുന്നു; ദൈവം എന്നേക്കും എന്റെ ഹൃദയത്തിന്റെ പാറയും എന്റെ ഓഹരിയും ആകുന്നു.

3. കർത്താവായ യേശുവിൽ നാം വിശ്വസിച്ചപ്പോൾ നാം സ്വീകരിച്ച ജീവൻ ഒരു വ്യക്തിയാണ്, ഈ വ്യക്തിയെ പ്രയോഗിക്കുവാനും ആസ്വദിക്കുവാനുമുള്ള ഏക വഴി ആദ്യസ്നേഹത്താൽ അവനെ സ്നേഹിക്കുന്നതാണ്; നമ്മുടെ ജീവനായ കർത്താവായ യേശു ഒരു വ്യക്തിയായതിനാൽ, ഈ നിമിഷവും ദിനംപ്രതിയും അവന്റെ ഇപ്പോഴുള്ള സാന്നിധ്യത്തെ ആസ്വദിക്കുവാൻ നമുക്ക് അവനുമായി ഒരു പുതിയ സമ്പർക്കം ആവശ്യമാണ്—യോഹ. 11:25; 14:5-6; 1 തിമൊ. 1:14; യോഹ. 14:21, 23; 2 കൊരി. 5:14-15; വെളി. 2:4-7; കൊലൊ. 1:18; റോമ. 6:4; 7:6.

John. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

| | |
|---|---|
| John. 14:5 | തോമാസ് അവനോട്, കർത്താവേ, നീ എവിടെ പോകുന്നു എന്ന് ഞങ്ങൾ അറിയുന്നില്ല; പിന്നെ എങ്ങനെ വഴി അറിയുവാൻ കഴിയും? എന്നു ചോദിച്ചു. |
| John. 14:6 | യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല. |
| 1 Tim. 1:14 | നമ്മുടെ കർത്താവിന്റെ കൃപ ക്രിസ്തു യേശുവിൽ വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം സമൃദ്ധമായി. |
| John. 14:21 | എന്റെ കൽപനകൾ ഉണ്ടായിരിക്കുകയും അവയെ പാലിക്കുകയും ചെയ്യുന്നവനാകുന്നു എന്നെ സ്നേഹിക്കുന്നവൻ; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കും, ഞാൻ അവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവന് വെളിവാക്കുകയും ചെയ്യും. |
| John. 14:23 | യേശു അവനോട്, ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും. |
| 2 Cor. 5:14 | ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും, |
| 2 Cor. 5:15 | ജീവിക്കുന്നവർ ഇനി തങ്ങൾക്കുതന്നെയല്ല, തങ്ങൾക്കുവേണ്ടി മരിച്ചിട്ട് ഉയിർപ്പിക്കപ്പെട്ടവന് ജീവിക്കേണ്ടതിനത്രേ അവൻ എല്ലാവർക്കും വേണ്ടി മരിച്ചതെന്നും ഞങ്ങൾ തീർപ്പുവരുത്തിയിരിക്കുന്നു. |
| Rev. 2:4 | എന്നാൽ നിന്റെ, ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്. |
| Rev. 2:5 | അതുകൊണ്ട് നീ എവിടെനിന്ന് വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക; അല്ലെങ്കിൽ, ഞാൻ നിന്റെ അടുക്കൽ വരുന്നു, നീ മാനസാന്തരപ്പെടാഞ്ഞാൽ, നിന്റെ നിലവിളക്ക് അതിന്റെ സ്ഥാനത്ത് നിന്നു ഞാൻ നീക്കിക്കളയും. |
| Rev. 2:6 | എന്നാൽ നിക്കൊലാവ്യരുടെ പ്രവൃത്തികൾ നീ വെറുക്കുന്നു എന്നൊരു കാര്യം നിനക്കുണ്ട്, അത് ഞാനും വെറുക്കുന്നു. |
| Rev. 2:7 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും. |
| Col. 1:18b | ...അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു; |
| Rom. 6:4 | അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ. |
| Rom. 7:6 | എന്നാൽ നാം എന്തിൽ പിടിച്ചുവയ്ക്കപ്പെട്ടിരുന്നുവോ, അതിനു മരിച്ചിട്ട്, ഇപ്പോൾ നാം അക്ഷരത്തിന്റെ പഴക്കത്തിൽ അല്ല ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കുവാൻ തക്കവണ്ണം, ന്യായപ്രമാണത്തിൽനിന്ന് |

മുക്തരായിരിക്കുന്നു.

4. നാം ക്രിസ്തുവിന്റെ സ്നേഹത്താൽ കവിഞ്ഞൊഴുക്കപ്പെട്ട വ്യക്തികളായിരിക്കണം; ദിവ്യ സ്നേഹം നമ്മിലേക്ക് പാഞ്ഞൊഴുകുന്ന ജലപ്രവാഹം പോലെയായിരിക്കണം, അത് നമ്മെ അവന് ജീവിക്കുവാനും നമ്മുടെ സ്വന്തം നിയന്ത്രണത്തിനപ്പുറം അവനെ അങ്ങേയറ്റം സ്നേഹിക്കുവാനും പ്രേരിപ്പിക്കുന്നു—2 കൊരി. 5:14.

   2 Cor. 5:14 ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും,

5. കർത്താവിനെ അങ്ങേയറ്റം സ്നേഹിക്കുന്നതിന്, അവന്റെ സൗന്ദര്യം (മനോഹാരത, പ്രസന്നത, രമണീയത) നോക്കുവാനും ദൈവാലയത്തിൽ അവനോട് അന്വേഷിക്കുവാനുമായി നമ്മുടെ ജീവിതകാലം മുഴുവൻ ദൈവഭവനത്തിൽ വസിക്കുവാൻ ആഗ്രഹിക്കുന്നവരും അന്വേഷിക്കുന്നവരുമായിരിക്കണം; ദൈവത്തോടു ചോദിക്കുക എന്നത് നമ്മുടെ ദൈനംദിന ജീവിതത്തിലെ എല്ലാ കാര്യങ്ങളെക്കുറിച്ചും ദൈവത്തോട് അന്വേഷിക്കുക എന്നതാണ്—സങ്കീ. 27:4.

   Psa. 27:4 ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ.

B. ക്രിസ്തുവിന്റെ ജൈവിക ശരീരമെന്ന നിലയിൽ സഭയെ കെട്ടുപണി ചെയ്യുന്നതിന് നമുക്ക് എന്തെങ്കിലും ആയിരിക്കുവാനും എന്തെങ്കിലും ചെയ്യുവാനുമുള്ള ഏറ്റവും ശ്രേഷ്ഠമായ മാർഗം സ്നേഹമാണ്—1 കൊരി. 12:31—13:8, 13; പ്ര.നി. 14:1, 3, 4:

   1 Cor. 12:31b അത്രയുമല്ല അതിശ്രേഷ്ഠമായ ഒരു മാർഗം ഞാൻ നിങ്ങൾക്ക് കാണിച്ചുതരുന്നു.

   1 Cor. 13:1 ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹം ഇല്ല എങ്കിൽ, ഞാൻ ശബ്ദം ഉണ്ടാക്കുന്ന പിച്ചളയോ, മുഴങ്ങുന്ന ഇലത്താളമോ ആയിത്തീർന്നിരിക്കുന്നു.

   1 Cor. 13:2 എനിക്ക് പ്രവചന വരം ഉണ്ടായിരിക്കുകയും സകല മർമ്മങ്ങളും സകല പരിജ്ഞാനവും അറിയുകയും, മലകളെ നീക്കുവാൻ തക്ക സകല വിശ്വാസവും ഉണ്ടായിരിക്കുകയും ചെയ്യുമെങ്കിലും, സ്നേഹം ഇല്ല എങ്കിൽ, ഞാൻ ഒന്നും അല്ല.

   1 Cor. 13:3 അന്നദാനം ചെയ്യുവാൻ എന്റെ സകല വസ്തുവകകളും ദാനം ചെയ്താലും, ഞാൻ പ്രശംസിക്കേണ്ടതിന് എന്റെ ശരീരത്തെ ഏൽപ്പിച്ചാലും, സ്നേഹം ഇല്ല എങ്കിൽ എനിക്ക് ഒരു പ്രയോജനവും ഇല്ല.

   1 Cor. 13:4 സ്നേഹം ദീർഘമായി കഷ്ടമേൽക്കുന്നു. സ്നേഹം ദയ കാണിക്കുന്നു; അത് അസൂയപ്പെടുന്നില്ല. സ്നേഹം വമ്പു പറയുന്നില്ല, നിഗളിക്കുന്നില്ല;

   1 Cor. 13:5 അത് അനുചിതമായി പെരുമാറുന്നില്ല, അതിന്റെ സ്വന്തകാര്യങ്ങൾ അന്വേഷിക്കുന്നില്ല; അത് പ്രകോപിപ്പിക്കപ്പെടുന്നില്ല, തിന്മ കണക്കിടുന്നില്ല;

   1 Cor. 13:6 അത് അനീതി നിമിത്തം സന്തോഷിക്കുന്നില്ല, എന്നാൽ സത്യത്തോടൊപ്പം സന്തോഷിക്കുന്നു;

   1 Cor. 13:7 അത് എല്ലാം മറയ്ക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.

1 Cor. 13:8 സ്നേഹം ഒരിക്കലും വീണുപോകുന്നില്ല. എന്നാൽ പ്രവചനങ്ങളോ, അവ പ്രയോജനമില്ലാത്തവയാകും; ഭാഷകളോ, അവ നിലച്ചുപോകും; അറിവോ, അത് പ്രയോജനമില്ലാത്തതാകും.

1 Cor. 13:13 ഇപ്പോൾ വിശ്വാസം, പ്രത്യാശ, സ്നേഹം, ഇവ മൂന്നും നിലനിൽക്കുന്നു; ഇവയിൽ ഏറ്റവും വലിയതോ സ്നേഹം തന്നെ.

1 Cor. 14:1 സ്നേഹം പിൻപറ്റുവിൻ, ആത്മിക വരങ്ങളെ, വിശേഷാൽ നിങ്ങൾ പ്രവചിക്കേണ്ടതിന്, ആത്മാർഥമായി വാഞ്ഛിക്കുവിൻ.

1 Cor. 14:3 എന്നാൽ പ്രവചിക്കുന്നവൻ മനുഷ്യരോട് കെട്ടുപണിയും പ്രോത്സാഹനവും ആശ്വാസവും സംസാരിക്കുന്നു.

1 Cor. 14:4b ...എന്നാൽ പ്രവചിക്കുന്നവൻ സഭയെ കെട്ടുപണി ചെയ്യുന്നു.

1. "അറിവ് ചീർപ്പിക്കുന്നു, എന്നാൽ സ്നേഹം കെട്ടുപണി ചെയ്യുന്നു"; നാം ശുശ്രൂഷയുടെ ദൂതുകൾ കേൾക്കുകയും കേവലം അറിവ് കൊണ്ട് ചീർക്കുകയും ചെയ്തേക്കാം—8:1; പ്ര.നി. 2 കൊരി. 3:6.

   2 Cor. 3:6 അവൻ ഞങ്ങളെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാരായി പര്യാപ്തരാക്കിയിരിക്കുന്നു, അക്ഷരത്തിന്റെയല്ല ആത്മാവിന്റെ ശുശ്രൂഷക്കാരത്രേ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവൻ നൽകുന്നു.

2. സ്നേഹത്തിന്റെ പ്രമാണമെന്ന നിലയിൽ ജീവന്റെ ആത്മാവിന്റെ പ്രമാണം (റോമ. 8:2; ഗലാ. 6:2-3) നമ്മുടെ ഉള്ളിൽ സജീവമാകുമ്പോൾ, കർത്താവിലുള്ള നമ്മുടെ അധ്വാനം സ്നേഹത്തിന്റെ അധ്വാനമാണ് (1 കൊരി. 15:58; 1 തെസ്സ. 1:3), അതിൽ നാം ബലഹീനരെ താങ്ങുന്നു (പ്രവൃ. 20:35; 1 തെസ്സ. 5:14); *ബലഹീനർ* എന്നത് ആത്മാവിലോ ദേഹിയിലോ ശരീരത്തിലോ ബലഹീനരായവരെ അല്ലെങ്കിൽ വിശ്വാസത്തിൽ ബലഹീനരായവരെ സൂചിപ്പിക്കുന്നു.

   Rom. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

   Gal. 6:2 പരസ്പരം ഭാരങ്ങളെ വഹിക്കുവിൻ, ഇപ്രകാരം നിങ്ങൾ ക്രിസ്തുവിന്റെ പ്രമാണം പൂർണമായി നിവർത്തിക്കും.

   Gal. 6:3 താൻ ഒന്നുമല്ലാതിരിക്കേ എന്തോ ആകുന്നു എന്ന് ഒരുവൻ ചിന്തിക്കുന്നുവെങ്കിൽ, അവൻ അവനെത്തന്നെ വഞ്ചിക്കുന്നു.

   1 Cor. 15:58 അതുകൊണ്ട് എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങളുടെ അധ്വാനം കർത്താവിൽ വ്യർഥമല്ല എന്ന് അറിഞ്ഞുകൊണ്ട്, ഉറപ്പുള്ളവരും, അചഞ്ചലരും, എല്ലായ്പ്പോഴും കർത്താവിന്റെ വേലയിൽ വർധിച്ചുവരുന്നവരും ആയിരിക്കുവിൻ.

   1 Thes. 1:3 നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ, നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും സ്നേഹത്തിന്റെ അധ്വാനവും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലുള്ള പ്രത്യാശയുടെ സഹിഷ്ണുതയും ഇടവിടാതെ ഓർക്കുന്നു.

   Acts. 20:35 ഇപ്രകാരം അധ്വാനിച്ചുകൊണ്ട് നാം ബലഹീനരെ സഹായിക്കേണം എന്നും വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് കൂടുതൽ അനുഗൃഹീതം

എന്നു കർത്താവായ യേശു തന്നെ പറഞ്ഞ വാക്കുകൾ ഓർക്കുന്നതിനും സകല കാര്യങ്ങളിലും ഞാൻ നിങ്ങൾക്ക് മാതൃകയാൽ കാണിച്ചിരിക്കുന്നു.

1 Thes. 5:14 സഹോദരന്മാരേ, ഞങ്ങൾ നിങ്ങളെ പ്രബോധിപ്പിക്കുന്നത്, ക്രമം കെട്ടവരെ അനുശാസിക്കുവിൻ, മനോബലമില്ലാത്തവരെ സാന്ത്വനിപ്പിക്കുവിൻ, ബലഹീനരെ താങ്ങുവിൻ, എല്ലാവരോടും ദീർഘക്ഷമയുള്ളവരാകുവിൻ.

3. നാം സ്നേഹിക്കുന്ന ക്രിസ്തു സഭയെ സ്നേഹിക്കുന്നവനായ ക്രിസ്തുവാണ് (എഫെ. 5:25); നാം അവനെ സ്നേഹിക്കുമ്പോൾ, അവൻ ചെയ്യുന്നതുപോലെ നാമും സഭയെ സ്നേഹിക്കും; സഭാജീവിതം സഹോദരസ്നേഹത്തിന്റെ ജീവിതമാണ് (1 യോഹ. 4:7-8; 2 യോഹ. 5-6; യോഹ. 15:12, 17; വെളി. 3:7; എഫെ. 5:2; പ്ര.നി. യൂദാ 12), ശരീരം സ്നേഹത്തിൽ അതിനെത്തന്നെ കെട്ടുപണിചെയ്യുന്നു (എഫെ. 4:16).

Eph. 5:25 ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ,

1 John. 4:7 പ്രിയരേ, നാം അന്യോന്യം സ്നേഹിക്കുക, സ്നേഹം ദൈവത്തിൽ നിന്നല്ലോ, സ്നേഹിക്കുന്നവൻ എല്ലാം ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നു ദൈവത്തെ അറിയുകയും ചെയ്യുന്നു.

1 John. 4:8 സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ.

2 John. 1:5 മാന്യസ്ത്രീയേ, നാം അന്യോന്യം സ്നേഹിക്കണം എന്ന്, ഒരു പുതിയ കൽപന നിനക്ക് എഴുതുന്നതുപോലെയല്ല, ആദിമുതൽ നമുക്ക് ഉണ്ടായിരുന്നതത്രേ ഞാൻ നിന്നോട് അപേക്ഷിക്കുന്നത്.

2 John. 1:6 നാം അവന്റെ കൽപനകൾക്കൊത്തവണ്ണം നടക്കുന്നതു തന്നെ സ്നേഹമാകുന്നു. നിങ്ങൾ ആദിമുതൽ കേട്ടതുപോലെ, സ്നേഹത്തിൽ നടക്കുക എന്നാകുന്നു ആ കൽപന.

John. 15:12 ഇതാകുന്നു എന്റെ കൽപന, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ അന്യോന്യം സ്നേഹിക്കുവിൻ.

John. 15:17 നിങ്ങൾ അന്യോന്യം സ്നേഹിക്കേണ്ടതിന് ഞാൻ ഈ കാര്യങ്ങൾ നിങ്ങളോട് കൽപ്പിക്കുന്നു.

Rev. 3:7 ഫിലദെൽഫ്യയിലുള്ള സഭയുടെ ദൂതന് എഴുതുക: വിശുദ്ധനും, സത്യവാനും, ദാവീദിന്റെ താക്കോലുള്ളവനും, ആരും അടയ്ക്കാതവണ്ണം തുറക്കുകയും, ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ അരുളിച്ചെയ്യുന്നു:

Eph. 5:2 ക്രിസ്തുവും നമ്മെ സ്നേഹിച്ച്, നമുക്കുവേണ്ടി ദൈവത്തിന് സൗരഭ്യവാസനയുള്ള വഴിപാടും യാഗവുമായി തന്നെത്താൻ ഏൽപ്പിച്ചതുപോലെ, സ്നേഹത്തിൽ നടക്കുവിൻ.

Jude. 12a ഇവർ തങ്ങളെത്തന്നെ മേയിച്ചുകൊണ്ട്, നിർഭയത്തോടെ നിങ്ങളോടൊപ്പം വിരുന്നുകഴിക്കുന്ന, നിങ്ങളുടെ സ്നേഹവിരുന്നുകളിലെ മറഞ്ഞിരിക്കുന്ന പാറകൾ;

Eph. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല

സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

4. നമ്മുടെ ദൈവദത്തമായ, വീണ്ടും ജനിച്ച ആത്മാവ് സ്നേഹത്തിന്റെ ആത്മാവാണ്; ഇന്നത്തെ സഭയുടെ അധഃപതനത്തെ കീഴടക്കുവാൻ നമുക്ക് സ്നേഹത്തിന്റെ ജ്വലിക്കുന്ന ഒരു ആത്മാവ് ആവശ്യമാണ്—2 തിമൊ. 1:7; റോമ. 12:10-11.

2 Tim. 1:7 ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ നൽകിയിരിക്കുന്നത്.

Rom. 12:10 സഹോദരസ്നേഹത്തിൽ അന്യോന്യം ഊഷ്മളതയോടെ സ്നേഹിക്കുവിൻ; അന്യോന്യം ബഹുമാനിക്കുന്നതിൽ മുൻകൈ എടുക്കുവിൻ.

Rom. 12:11 തീക്ഷ്ണതയിൽ അലസരാകരുത്, കർത്താവിനെ സേവിച്ചുകൊണ്ട് ആത്മാവിൽ എരിവുള്ളവരാകുവിൻ.

5. ക്രിസ്തുവിന്റെ ശരീരത്തിന്റെ ഒരുമയ്ക്കും കെട്ടുപണിക്കും യാഥാർഥ്യത്തിനുമായി സമന്വയിക്കുന്നതിന്റെ അനുഭവത്തിലേക്കും ആസ്വാദനത്തിലേക്കും നാം അധികം അധികമായി പ്രവേശിക്കുമ്പോൾ അന്യോന്യമുള്ള നമ്മുടെ സ്നേഹം നമുക്ക് യാഥാർഥ്യമായിത്തീരുന്നു—1 കൊരി. 12:14-27; റോമ. 16:1-16; കൊലൊ. 4:16; യോഹ. 12:24; ലേവ്യ. 2:4-5.

1 Cor. 12:14 ശരീരം ഒരു അവയവം അല്ല, പലതത്രേ.

1 Cor. 12:15 ഞാൻ കൈ അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് കാൽ പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നു വരുന്നില്ല.

1 Cor. 12:16 ഞാൻ കണ്ണ് അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് ചെവി പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നും വരുന്നില്ല.

1 Cor. 12:17 ശരീരം മുഴുവൻ കണ്ണ് എങ്കിൽ കേൾവി എവിടെ? ശരീരം മുഴുവൻ കേൾവി എങ്കിൽ, ഘ്രാണം എവിടെ?

1 Cor. 12:18 എന്നാൽ ഇപ്പോൾ ദൈവം അവയവങ്ങളെ, ഓരോന്നായി, അവൻ ഇച്ഛിച്ചതുപോലെ ശരീരത്തിൽ ആക്കിവച്ചിരിക്കുന്നു.

1 Cor. 12:19 എല്ലാം ഒരു അവയവം ആയിരുന്നു എങ്കിൽ, ശരീരം എവിടെ?

1 Cor. 12:20 എന്നാൽ ഇപ്പോൾ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നത്രേ.

1 Cor. 12:21 കണ്ണിന് കൈയ്യോട്, എനിക്ക് നിന്റെ ആവശ്യമില്ല എന്നും; അതുപോലെ തലയ്ക്ക് കാലുകളോട്, എനിക്ക് നിങ്ങളുടെ ആവശ്യമില്ല എന്നും പറയുവാൻ കഴിയില്ല.

1 Cor. 12:22 എന്നാൽ ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങളും ആവശ്യമുള്ളവ ആകുന്നു.

1 Cor. 12:23 ശരീരത്തിൽ മാനം കുറഞ്ഞവ എന്നു നാം കരുതുന്ന അവയവങ്ങളെ നാം അധികം മാനം അണിയിക്കുന്നു; നമ്മുടെ അഴകില്ലാത്ത അവയവങ്ങൾ അധികം അഴകുള്ളതായിരിക്കുവാൻ ഇടവരുന്നു,

1 Cor. 12:24 എന്നാൽ നമ്മുടെ അഴകുള്ള അവയവങ്ങൾക്ക് അത് ആവശ്യമില്ല. കുറവുള്ള അവയവത്തിന് അധികം മാനം നൽകിക്കൊണ്ട് ദൈവം ശരീരത്തെ ചേർത്തു സമന്വയിപ്പിച്ചിരിക്കുന്നു,

1 Cor. 12:25 അത് ശരീരത്തിൽ ഒരു ഭിന്നതയും ഇല്ലാതെ, അവയവങ്ങൾ അന്യോന്യം ഒരേ കരുതൽ ഉണ്ടായിരിക്കേണ്ടതിനത്രേ.

1 Cor. 12:26 ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ കഷ്ടം അനുഭവിക്കുന്നു; ഒരു അവയവം മഹത്വപ്പെടുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ സന്തോഷിക്കുന്നു.

1 Cor. 12:27 നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു.

Rom. 16:1 കെംക്രയയിലുള്ള സഭയിലെ സഭാസേവക, നമ്മുടെ സഹോദരി ഫേബയെ ഞാൻ നിങ്ങൾക്ക് ഭരമേൽപ്പിക്കുന്നു,

Rom. 16:2 നിങ്ങൾ വിശുദ്ധന്മാർക്ക് യോഗ്യമാംവണ്ണം അവളെ കർത്താവിൽ സ്വീകരിക്കേണ്ടതിനും അവൾക്ക് നിങ്ങളുടെ ആവശ്യംവരുന്ന ഏത് കാര്യത്തിലും അവളെ സഹായിക്കേണ്ടതിനും തന്നെ; എന്തെന്നാൽ അവൾ താൻതന്നെ അനേകരുടെ, ഒപ്പം എന്റെയും പരിപാലക ആയിരുന്നു.

Rom. 16:3 ക്രിസ്തു യേശുവിലുള്ള എന്റെ കൂട്ടുവേലക്കാരായ പ്രിസ്കയെയും അക്വിലാവെയും വന്ദനം ചെയ്യുവിൻ,

Rom. 16:4 അവർ എന്റെ ജീവനുവേണ്ടി തങ്ങളുടെ സ്വന്തം കഴുത്ത് വച്ചുകൊടുത്തു, അവർക്ക് ഞാൻ മാത്രമല്ല ജാതികളുടെ സകല സഭകളും നന്ദി പറയുന്നു;

Rom. 16:5 അവരുടെ വീട്ടിലുള്ള സഭയെയും വന്ദനം ചെയ്യുവിൻ. എന്റെ പ്രിയനായ, എപ്പൈനത്തൊസിനെ വന്ദനം ചെയ്യുവിൻ, അവൻ ആസ്യയിൽ ക്രിസ്തുവിനായുള്ള ആദ്യഫലം ആകുന്നു.

Rom. 16:6 നിങ്ങൾക്കായി വളരെ അധ്വാനിച്ചവളായ മറിയയെ വന്ദനം ചെയ്യുവിൻ.

Rom. 16:7 എന്റെ ചാർച്ചക്കാരും എന്റെ സഹതടവുകാരുമായ അന്ത്രൊനിക്കൊസിനെയും യൂനിയാവിനെയും വന്ദനം ചെയ്യുവിൻ, അവർ അപ്പൊസ്തലന്മാരുടെ ഇടയിൽ ശ്രദ്ധിക്കപ്പെട്ടവർ ആകുന്നു, അവർ എനിക്ക് മുമ്പേ ക്രിസ്തുവിലായവർ ആകുന്നു.

Rom. 16:8 കർത്താവിൽ എന്റെ പ്രിയനായ അംപ്ലിയാത്തൊസിനെ വന്ദനം ചെയ്യുവിൻ.

Rom. 16:9 ക്രിസ്തുവിൽ എന്റെ കൂട്ടുവേലക്കാരനായ ഉർബ്bാനൊസിനെയും, എന്റെ പ്രിയനായ സ്താക്കുവിനെയും വന്ദനം ചെയ്യുവിൻ.

Rom. 16:10 ക്രിസ്തുവിൽ അംഗീകൃതനായ അപ്പെലേസിനെ വന്ദനം ചെയ്യുവിൻ. അരിസ്തോബൂലൊസിന്റെ ഭവനക്കാരെ വന്ദനം ചെയ്യുവിൻ.

Rom. 16:11 എന്റെ ചാർച്ചക്കാരനായ ഹെരോദിയോനെ വന്ദനം ചെയ്യുവിൻ. കർത്താവിലുള്ള നർക്കിസ്സൊസിന്റെ ഭവനക്കാരെ വന്ദനം ചെയ്യുവിൻ.

Rom. 16:12 കർത്താവിൽ അധ്വാനിക്കുന്നവരായ ത്രുഫൈനയെയും ത്രുഫോസയെയും വന്ദനം ചെയ്യുവിൻ. കർത്താവിൽ വളരെ അധ്വാനിച്ചവളായ, പ്രിയ സഹോദരി പെർസിസിനെ വന്ദനം ചെയ്യുവിൻ.

Rom. 16:13 കർത്താവിൽ തിരഞ്ഞെടുക്കപ്പെട്ടവനായ രൂഫൊസിനെ വന്ദനം ചെയ്യുവിൻ, എന്റെയും അമ്മയായ അവന്റെ അമ്മയെ വന്ദനം ചെയ്യുവിൻ.

Rom. 16:14 അസുംക്രിതൊസിനെയും പ്ലെഗോനെയും ഹെർമ്മോസിനെയും പത്രൊബാസിനെയും ഹെർമ്മാസിനെയും, അവരോടുകൂടെയുള്ള സഹോദരന്മാരെയും വന്ദനം ചെയ്യുവിൻ.

Rom. 16:15 ഫിലൊലൊഗൊസിനെയും യൂലിയയെയും, നെരെയുസിനെയും അവന്റെ സഹോദരിയെയും, ഒലുമ്പാസിനെയും, അവരോടുകൂടെയുള്ള സകല വിശുദ്ധന്മാരെയും വന്ദനം ചെയ്യുവിൻ.

Rom. 16:16 വിശുദ്ധ ചുംബനംകൊണ്ട് അന്യോന്യം വന്ദനം ചെയ്യുവിൻ. ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു.

Col. 4:16 ഈ ലേഖനം നിങ്ങളുടെ ഇടയിൽ വായിച്ചശേഷം, ലവുദിക്യരുടെ സഭയിലും ഇതു വായിപ്പിക്കുകയും, ലവുദിക്യയിൽ നിന്നുള്ളത് നിങ്ങൾ വായിക്കുകയും ചെയ്യുവിൻ.

John. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

Lev. 2:4 അടുപ്പത്തുവെച്ചു ചുട്ടതു നീ ഭോജനയാഗമായി കഴിക്കുന്നു എങ്കിൽ അതു നേരിയ മാവു കൊണ്ടുണ്ടാക്കിയതായി എണ്ണ ചേർത്ത പുളിപ്പില്ലാത്ത ദോശകളോ എണ്ണ പുരട്ടിയ പുളിപ്പില്ലാത്ത വടകളോ ആയിരിക്കേണം.

Lev. 2:5 നിന്റെ വഴിപാടു ചട്ടിയിൽ ചുട്ട ഭോജനയാഗം ആകുന്നുവെങ്കിൽ അതു എണ്ണ ചേർത്ത പുളിപ്പില്ലാത്ത നേരിയ മാവുകൊണ്ടു ആയിരിക്കേണം.